# ഭാഷാനൈഷധം ചമ്പു

അമ്പത്തൊന്നക്ഷരാളീ കലിതതനുലതേ!
വേദമാകുന്ന ശാഖി—
ക്കൊമ്പത്തൻപോട്ടുപൂക്കും കുസുമതതി—
യിലേന്തുന്ന പൂന്തേൻകുഴമ്പേ!
ചെമ്പൊൽത്താർബാണ ഡംഭ പ്രശമന—
സുകൃതോപാത്ത സൗഭാഗ്യലക്ഷ്മീ—
സമ്പത്തേ! കുമ്പിടുന്നേൻ കഴലിണ വലയാ—
ധീശ്വരീ! വിശ്വനാഥേ! 1

പാലംഭോരാശി മദ്ധ്യേ ശശനരധവളേ
ശേഷഭോഗേ ശയാനം
മേളംകോലുംകളായ ദ്യുതിയോട്ട പട—
തല്ലുന്ന കാന്തിപ്രവാഹം
നാളൊന്നേറിത്തുളുമ്പും നിരുപമ കരുണാ—
ഭാരതിമ്യൽക്കടാക്ഷം
നാളീകത്താരിൽമാതിൻ കുളുർമുലയുഗളീ—
ഭാഗധേയം ഭജേഥാഃ 2

ശ്ലോകം 2. ഈ ശ്ലോകത്തിൽ വിഷ്ണുവിനെ വന്ദിക്കുന്നു.

വിദ്യാസാരസ്യരാശേ, സഭയിലിഹഭവന്തം സഖേ
കണ്ടനേരം
ചിത്തേ പോന്നിങ്ങുദിച്ചു പുതിയൊരു
പരമാനന്ദ പീയൂഷധാരാ.
ഹസ്തേ കൃത്യാനുകൂലാമഴകുടയ വിദർഭ
ക്ഷമാപാല പുത്രീ-
മത്യാനന്ദേന മേവുന്നളവു നള
മഹീനായകന്നെന്നപോലെ. 3